# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5917 | 04-11-2016-ൽ മറുപടി നൽകേണ്ടത്

## സി-ആപ്റ്റ് നവീകരിക്കുന്നതിനായി നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ആപ്റ്റ് നവീകരിക്കുന്നതിനും ലാഭകരമാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർ സെക്കന്ററി പാഠപുസ്തകം ഉൾപ്പെടെ വൻതോതിലുള്ള അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിനായി ഒരു ഫോർ കളർ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത മെഷീൻ പ്രവർത്തന സജ്ജമായാൽ ഹയർ സെക്കന്ററി പാഠ പുസ്തകങ്ങൾ സെന്ററിൽ തന്നെ അച്ചടിക്കുവാൻ സാധിക്കും. യന്ത്ര സംവിധാനങ്ങളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിന് 750 കെ. വി. എ യുടെ ഒരു ട്രാൻസ്ഫോമർ പുതിയതായി സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ജനറൽ സോയിൽഡ് മാലിന്യനിർമ്മാർജ്ജന പ്ലാന്റ് പുതിയതായി സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്. എസ്.എസ്. എല്ലിന് വേണ്ടി 14 ജില്ലകളുടെയും ചോദ്യക്കടലാസ് അച്ചടിയുടെയും വിതരണത്തിന്റെയും ചുമതല ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ആപ്റ്റിനെ ഏൽപ്പിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥി |

| | |
|---|---|
| | കൾക്കായി ഈ അധ്യയന വർഷം മുതൽ തയ്യാറാക്കിയ മുഴുവൻ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സി-ആപ്റ്റിനെ ഏൽപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ അച്ചടിജോലികളും സി-ആപ്റ്റിനെ ഏൽപ്പിക്കുന്ന വിഷയം പരിഗണനയിലാണ്,<br>ആധുനിക സാങ്കേതിക സംവിധാനങ്ങളായ കമ്പ്യൂട്ടർ ടു പ്ലേറ്റ് (സി.റ്റി.പി), ത്രീ വേ ട്രിമ്മർ, പ്രോഗ്രാമിബിൾ കട്ടിംഗ് മെഷീൻ എന്നിവ ഈ സാമ്പത്തിക വർഷം തന്നെ സെന്ററിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>ലോട്ടറി ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഭാഗ്യക്കുറി വകുപ്പിന്റെ സഹായത്തോടുകൂടി ഒരു 5 കളർഷീറ്റ്ഫെഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ സെന്ററിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സെന്ററിന്റെ നവീകരണത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന ബഹുനില മന്ദിരത്തിന്റെ രണ്ടാം ഘട്ട നിർമ്മാണം നടത്തുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 250 ലക്ഷം രൂപ സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ